70 (1821) കെട്ടിട നികുതി നിർണ്ണയം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ കെട്ടിട നികുതി ഏറ്റവും ഒടുവിലായി പുതുക്കി നിശ്ചയിച്ചത് എന്നാണ്;

(ബി) ഡ്രെയിനേജ് സൗകര്യം ഉള്ളതും ഇല്ലാത്തതും ആയ വീടുകൾക്ക് ഒരേ നിരക്കിൽ നികുതി ഈടാക്കിവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ ഇപ്രകാരം ഡ്രെയിനേജ് സൗകര്യമില്ലാത്ത വീടുകൾക്ക് ഈടാക്കിയ അധിക നികുതി വരുംകൊല്ലങ്ങളിലെ നികുതിയിൽ നിന്നും തട്ടിക്കഴിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1993-94 II-ാം അർദ്ധ വർഷം മുതൽ.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233, 234 സെക്ഷനുകളിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ചാണ് വസ്തുനികുതി ഈടാക്കുന്നത്.

(സി) തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ വരുന്ന എല്ലാ പ്രദേശങ്ങളിലും അണ്ടർഗ്രൗണ്ട് ഡ്രെയിനേജോ സർഫസ് ഡ്രെയിനേജോ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഓരോ വീടിനും ഡ്രെയിനേജ് സൗകര്യം ഉണ്ടോ ഇല്ലയോ എന്ന് നോക്കിയല്ല നികുതി നിശ്ചയിക്കുന്നത്.

71 (1822) വീടിനോട് ചേർന്ന് മോട്ടോർ വർക്ക് ഷോപ്പ് പ്രവർത്തിക്കുന്നതിനെതിരെ ശ്രീ. അബ്ദുറഹിമാൻ നൽകിയ നിവേദനം

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നേമം പഞ്ചായത്തിൽ എൻ.പി. നമ്പർ 11/689 ഷാഫി മൻസിൽ എന്ന വീടിനോട് ചേർന്ന് ഒരു മോട്ടോർ വർക്ഷോപ്പ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പ്രവർത്തിപ്പിക്കാൻ നേമം പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ന് നൽകി; പ്രസ്തുത ലൈസൻസ് നമ്പർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) തങ്ങളുടെ വീടിനോട് ചേർന്ന് വർക്ക്ഷോപ്പ് പ്രവർത്തിക്കാൻ അനുവാദം നൽകരുതെന്ന് ആവശ്യപ്പെട്ട് എൻ.പി. നമ്പർ 11/689 കെട്ടിടത്തിൽ താമസക്കാരനായ എൻ. അബ്ദുറഹിമാൻ എന്ന ആളുടെ നിവേദനം പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടോ;

(ഇ) ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly